# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.T*152 07.03.2017 ൽ മറുപടിക്ക്

## ഹരിതകേരളം മിഷൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. റോജി എം. ജോൺ | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹരിതകേരളം മിഷൻ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കമോ; | (എ) | ഉണ്ട്. 2016 ഡിസംബർ 8 ന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിലും ഹരിത കേരള മിഷൻ പദ്ധതിയുടെ തുടക്കം കുറിക്കുന്ന പരിപാടികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയിരുന്നു. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ വച്ച് സമൂഹത്തിന്റെ വിവിധ തല തലങ്ങളിലുള്ള വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ശുചിത്വം, മാലിന്യ സംസ്കരണം കൃഷിവികസനം , ജലവിഭവ സംരക്ഷണം എന്നീ മൂന്നു മേഖലകൾ ഊന്നൽ നൽകിക്കൊണ്ടുള്ള മിഷന്റെ പൊതു ലക്ഷ്യങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br><br>1. ഉറവിട മാലിന്യ സംസ്കരണത്തിൽ ഊന്നി നിന്നുകൊണ്ടുള്ള സുരക്ഷിത മാലിന്യ സംരക്ഷണം. |

| | | | |
|---|---|---|---|
| | | | 2. ജലസ്രോതസ്സുകളുടെ ശുചീകരണവും നവീകരണവും വഴി കുടിവെള്ള വിതരണത്തിനും ജലസേചനത്തിനും ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തൽ.<br>3. വീടുകൾ തോറുമുള്ള കൃഷി സാധ്യത ഉപയോഗപ്പെടുത്തി പച്ചക്കറിയിലും മറ്റു അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയംപര്യാപ്തത നേടൽ. |
| (സി) | പദ്ധതിയുടെ നടത്തിപ്പിന് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം എങ്ങനെ സാദ്ധ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിവരിക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഹരിത കേരളം മിഷനും, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി എംപവേർഡ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ ഏകോപന നിർവഹണം നടത്തുന്നു. ജില്ലാ, ബ്ളോക്ക്, നഗരസഭ, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ഒരു ഏകീകൃത മിഷൻ സംവിധാനവും, ഓരോ തലത്തിലും ശുചിത്വം, കൃഷി, ജലവിഭവം എന്നീ മൂന്ന് മേഖലകളിലും കർമ്മ സേനകളും ഫലപ്രദമായി പ്രവർത്തിച്ച് ഏകോപനം സാധ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ